ലൂക്കാ 11:14-26

**കൈത്താക്കാലം അഞ്ചാം ഞായർ**

**2024 ആഗസ്റ്റ് 04**

**ഡോ. ജോസ് ഓലിയപ്പുറത്ത്**

വചനഭാഷ്യം

# ക്രിസ്തുവും ബേൽസബൂലും

**യോഹന്നാന്റെ** സുവിശേഷം ഒഴികെ മറ്റു മൂന്നു സുവിശേഷങ്ങളിലും ഈ വിവരണം കാണാം (മത്താ. 12:22–30; മർക്കോ. 3:20–27). അതിനാൽ ഇതിന് ഒരു പൊതു ഉറവിടം കണ്ടേക്കാം. ഊമനായ ഒരുവൻ യേശുവിന്റെ സാന്നിധ്യത്താൽ സംസാരശേഷിയുള്ളവനായിത്തീരുന്നു. അവനിൽ തിന്മയുടെ ശക്തി പ്രകടമായിരുന്നെന്നും അതിനെ 'ഊമനായ പിശാച്' എന്നാണ് വിളിച്ചിരുന്നതെന്നും ഗ്രന്ഥകാരൻ സാക്ഷ്യപ്പെടുത്തുന്നു. യേശുവിനെ കുരുക്കുന്നതിനുള്ള ലക്ഷ്യത്തോടെ ചിലർ പറഞ്ഞു യേശുവിനും പിശാചുബാധയുണ്ട്, അവൻ പിശാചുക്കളുടെ തലവനെക്കൊണ്ടാണ് ബാധയൊഴിപ്പിക്കുന്നത് എന്ന്. പിശാചുക്കളുടെ തലവന്റെ പേരുകൂടി ഇവിടെ രേഖപ്പെടുത്തുന്നുണ്ട്. ബേൽസബൂൽ എന്നാണ് പേരു പറയുന്നത്. ബാൽ ദേവനുമായി ബന്ധപ്പെടുത്തിയുള്ള ഒരു പദമാണിത്. നരകത്തിലെ ഏഴു പ്രധാന പിശാചുക്കളിൽ ഒരുവനും അസൂയയുടെയും ഭോജനപ്രിയത്തിന്റെയും പര്യായവുമാണിത്. യേശു നടത്തുന്ന രോഗശാന്തികൾ തിന്മയുടെ ശക്തികളെ കൂട്ടുപിടിച്ചാണെന്നു പറഞ്ഞു പരത്തി യേശുവിനെ സമൂഹത്തിൽ ചെറുതാക്കുക എന്നതായിരുന്നു ഇപ്രകാരം പറഞ്ഞു പരത്തിയവരുടെ ലക്ഷ്യം. ജനങ്ങളിൽ ചിലരുടെ കാപട്യം നിറഞ്ഞ അന്തർഗതം മനസ്സിലാക്കി യേശു വിശദീകരണം നല്കുന്നു. തിന്മയുടെ ശക്തി ഒരിക്കലും തിന്മയുടെ ശക്തിക്കെതിരേ പ്രവർത്തിക്കുകയില്ല. കാരണം അന്തഃഛിദ്രമുള്ള രാജ്യവും ഭവനവും വീണുപോകും. അതിനാൽ അത്തരത്തിലുള്ള ആരോപണങ്ങൾ തിന്മയാൽ പ്രേരിതമാണെന്ന് യേശു സ്ഥാപിക്കുന്നു.

യേശുവിന്റെ പ്രവർത്തനങ്ങൾ ഒരിക്കലും തിന്മയെ കൂട്ടുപിടിച്ചുകൊണ്ടുള്ളതല്ല, തിന്മയ്ക്കെതിരായിട്ടുള്ളതാണ്. ദൈവകരമാണ് യേശുവിലൂടെ പ്രവർത്തിക്കുന്നത്. അതിനാൽ ദൈവരാജ്യത്തിന്റെ അടയാളമാണ് അത്ഭുതങ്ങളും രോഗശാന്തികളും. അതിനാൽ രോഗശാന്തികളും അത്ഭുതങ്ങളും നന്മപ്രവർത്തിക്കുന്നവരിലൂടെ നന്മയ്ക്കായി ഉപയോഗിക്കുകയാണെങ്കിൽ ദൈവകരത്തിന്റെ പ്രവർത്തനമാണ് അവിടെ സംഭവിക്കുന്നത്. യേശുവിനോടു കൂടിയായിരിക്കാൻ വിളിക്കപ്പെട്ടവൻ തദനുസാരം പ്രവർത്തിക്കുന്നവനാകണം. യേശു പിതാവായ ദൈവത്തിനു സാക്ഷ്യം നല്കിക്കൊണ്ട് ദൈവരാജ്യം സ്ഥാപിക്കാൻ വന്നവനാണ്. നന്മ പ്രവർത്തിക്കുന്നവൻ എന്നും ആരോപണ വിധേയനാണെന്നും എല്ലാ കാര്യങ്ങളിലും ദൈവത്തിന്റെ ഹിതം അനുവർത്തിക്കാനുള്ള താല്പര്യം ഉണ്ടായിരിക്കണമെന്നും ഇക്കാര്യങ്ങളും ഇതു നമ്മെ പഠിപ്പിക്കുന്നു. ഒരുപക്ഷെ ആദിമ ക്രൈസ്തവ സമൂഹത്തിൽ നിലനിന്നിരുന്ന ചില തെറ്റായ പ്രവണതക

ളെ തിരുത്തുന്നതിനുള്ള ശ്രമത്തിന്റെ ഭാഗവുമാകാം.

മറ്റൊരു കാര്യവും ഇന്നത്തെ വചനഭാഗം ഓർമ്മപ്പെടുത്തുന്നു. അശുദ്ധാത്മാവിന്റെ തിരിച്ചുവരവിനെ സൂചിപ്പിക്കുന്ന വിവരണമാണത്. അശുദ്ധാത്മാവിന്റെ തിരിച്ചുവരവിനെക്കുറിച്ചുള്ള വിവരണത്തിൽ അല്പം അസ്വാഭാവികത ദൃശ്യമാണ്. എന്തിനെയാണ് ഇത് അർത്ഥമാക്കുന്നതെന്നു വ്യക്തമല്ല. ഒരുപക്ഷെ യേശുവിന്റെയോ ശിഷ്യരുടെയോ വചനംകേട്ട് അതിൽ ആകൃഷ്ടരായി മാനസാന്തരം വന്ന വ്യക്തികളെ ഇതു ലക്ഷ്യം വച്ചിട്ടുണ്ടാകാം. ആദിമ സഭയുടെ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ വചനം കേട്ട് മാനസാന്തരത്തിന്റെ പ്രത്യക്ഷ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങുകയും ചെയ്തവരുടെ തീക്ഷണത പലപ്പോഴും പാറപ്പുറത്തും മുൾപ്പടർപ്പിലും വീണ വിത്തുകളുടെ തീക്ഷണത പോലെ ഭവിക്കാറുണ്ടായിരുന്നിരിക്കാം. വളരെ പെട്ടെന്നുതന്നെ വീണുപോകുന്ന അവസ്ഥ. ഇത് വീട് അടിച്ചുവാരി സജ്ജീകരിക്കപ്പെട്ടതായി കാണപ്പെടുന്ന ഭവനം പോലെയാണ്. അശുദ്ധാത്മാവിനു പ്രിയങ്കരമായ സ്വാഗതം. എന്നാൽ ഇത് മാനസാന്തരത്തിന്റെ ആത്മദർശനം ഉൾക്കൊള്ളാത്തതും തിന്മയിലേക്കുള്ള ചായ്‌വ് ഉണ്ടായപ്പോൾ അതിൽ വീണുപോകുന്നതുമായ അവസ്ഥ. ഒരിക്കൽ മാനസാന്തരത്തിന്റെ ലക്ഷണങ്ങൾ കാണിക്കുകയും എന്നാൽ വീണ്ടും തിന്മയിലേക്കു ചാഞ്ഞിരിക്കുകയും ചെയ്യുമ്പോൾ മനസ്സിലുണ്ടാകുന്ന ഭ്രാന്തമായ അവസ്ഥയാണിത്. പരിതാപകരമാണ് ആത്മാവിന്റെ പ്രത്യേക അവസ്ഥ. ഇറങ്ങിപോന്ന ഭവനത്തിലേക്ക് ഞാൻ തിരികെ ചെല്ലും എന്ന വചനം മാനസാന്തരത്തിന്റെ യഥാർത്ഥ നന്മയറിയാത്തവരുടെ മാനസികാടിമത്തത്തിന്റെ അവസ്ഥയെ കാണിക്കുന്നു. അവർ തിന്മയുടെ സ്വാധീനത്തിലും അതിന്റെ അടിമത്തത്തിലുമാണ്. മാനസാന്തര വഴിയിൽനിന്നുള്ള പിന്തിരിഞ്ഞോട്ടം കൂടുതൽ ആത്മീയ അപകടം വിളിച്ചുവരുത്തുന്നു എന്ന സത്യം ഇതു നമ്മെ പഠിപ്പിക്കുന്നു. ✦